ഒക്ടോബർ 2015

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപ്പത്രിക

## എച്ച്എൽഎൽ
# 466 ലക്ഷം രൂപ ലാഭവിഹിതം കൈമാറി




എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം. അയ്യപ്പൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ ജഗത് പ്രകാശ് നഡ്ഡയ്ക്ക് ലാഭവിഹിതത്തിന്റെ ചെക്ക് കൈമാറുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി ശ്രീ ബി.പി.ശർമ്മ, അഡീഷണൽ സെക്രട്ടറിയും സാമ്പത്തിക ഉപദേഷ്ടാവുമായ ശ്രീമതി വിജയ ശ്രീവാസ്തവ, അഡിഷണൽ സെക്രട്ടറി ശ്രീ എൻഎസ് കാങ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ധരിത്രി പാണ്ഡ, എച്ച്എൽഎൽ ഡയറക്ടർമാരായ ശ്രീ ആർ.പി ഖണ്ഡേൽവാൽ, ഡോ.കെ.ആർ.എസ് കൃഷ്ണൻ എന്നിവർ സമീപം.

തുടർച്ചയായി നാലാം വർഷവും വിറ്റുവരവിൽ 1586 കോടി രൂപ കടന്ന എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് 2014-2015 സാമ്പത്തിക വർഷത്തിൽ നേടിയ 4.66 കോടി രൂപയുടെ ലാഭവിഹിതം കേന്ദ്രസർക്കാരിന് കൈമാറി. മുൻസാമ്പത്തിക വർഷത്തിൽ 1586 കോടിരൂപയുടെ വിറ്റുവരവുണ്ടായ സ്ഥാനത്ത് ഇക്കൊല്ലം ഇത് 1,678 കോടി രൂപയായി വർദ്ധിച്ചു.

ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം. അയ്യപ്പൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ ജഗത് പ്രകാശ് നഡ്ഡയ്ക്ക് ലാഭവിഹിതത്തിന്റെ ചെക്ക് കൈമാറി. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി ശ്രീ ബി.പി. ശർമ്മ, അഡീഷണൽ സെക്രട്ടറിയും സാമ്പത്തിക ഉപദേഷ്ടാവുമായ ശ്രീമതി വിജയ ശ്രീവാസ്തവ, അഡീഷണൽ സെക്രട്ടറി ശ്രീ എൻഎസ് കാങ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ധരിത്രി പാണ്ഡ, എച്ച് എൽഎൽ ഡയറക്ടർമാരായ ശ്രീ ആർ.പി ഖണ്ഡേൽവാൽ, ഡോ.കെ.ആർ.എസ് കൃഷ്ണൻ എന്നിവരും പങ്കെടുത്തു.

എച്ച്എൽഎല്ലിന്റെ ദ്രുതഗതിയിലുള്ള സുസ്ഥിര വളർച്ചയെ കേന്ദ്രമന്ത്രി ശ്രീ ജെ.പി നഡ്ഡ അഭിനന്ദിച്ചു. 2014-15 സാമ്പത്തിക വർഷത്തെ 1058.04 കോടിരൂപയുടെ വരുമാനത്തിലൂടെ 12.35 ശതമാനം (ഉത്പാദനം,സേവനം) വളർച്ച നേടാനായതായി ഡോ.എം അയ്യപ്പൻ പറഞ്ഞു. 941.68 കോടിരൂപയായിരുന്നു കഴിഞ്ഞ വർഷത്തെ വരുമാനം. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കമ്പനിയുടെ മൊത്തം വരുമാനത്തിൽ 12 ശതമാനം വളർച്ചയാണുണ്ടായത്.

ഏക ഉത്പ്പന്നം(കോണ്ടം) നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച എച്ച്എൽഎൽ ഇന്ന് അഭൂതപൂർവ്വമായ വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ്, ജിഎപിഎൽ, എച്ച്ബിഎൽ, എച്ച്എൽഎഫ്പിപിറ്റി, ലൈഫ്സ്പ്രിംഗ് ഹോസ്പിറ്റൽ, ഹൈറ്റ്സ്, എച്ച്എംഎ എന്നീ 7 കമ്പനികളാണ് ഇന്ന് എച്ച്എൽഎൽ ഗ്രൂപ്പിനു കീഴിലുള്ളത്.

# ടിഡ് ടോക്ക്

## പരമ്പരയ്ക്ക് തുടക്കമായി




ടിഡ് ടോക്ക് പ്രഭാഷണത്തിൽ സിഎംഡി ഡോ. എം.അയ്യപ്പൻ സംസാരിക്കുന്നു.

വ്യത്യസ്തമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി എച്ച്എൽഎൽ നടപ്പിലാക്കുന്ന നൂതന സംരംഭങ്ങളാണ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും എച്ച്എൽഎല്ലിനെ വ്യത്യസ്തമാക്കുന്നത്. ഏവരും കൈകോർത്തു നിന്ന് ഒരുമിച്ച് ആലപിക്കുന്ന കോർപ്പറേറ്റ് ഗീതം, സത്യസന്ധവും സുതാര്യവുമായ പ്രവർത്തനം കാഴ്ച വെയ്ക്കുമെന്നും ഒത്തൊരുമയോടെ പ്രവർത്തിക്കുമെന്നും ഓരോ ജീവനക്കാരനും പ്രതിജ്ഞയെടുക്കുന്ന എച്ച്എൽഎൽ മൂല്യ പത്രം, നേട്ടങ്ങൾ ആഘോഷിക്കുകയും പ്രവർത്തനമികവ് നേടിയവരെ അഭിനന്ദിക്കുകയും ചെയ്യുന്ന വിജയ് ദിവസ്, സിഎംഡിയുമായി നേരിട്ടു സംവദിക്കാൻ അവസരമൊരുക്കുന്ന എച്ച്ടുഎച്ച് സംവിധാനം, തിങ്ക് ടാങ്ക്പ്രഭാഷണ പരമ്പര എന്നിവയൊക്കെ എച്ച്എൽഎല്ലിന്റെ മാത്രം പ്രത്യേകതകളാണ്. ഈ ശ്രേണിയിൽ പുതിയൊരു സംരംഭത്തിനു കമ്പനി തുടക്കം കുറിച്ചിരിക്കുകയാണ്.

'ടിഡ് ടോക്ക് 'എന്ന് പേരിട്ടിരിക്കുന്ന ഈ പ്രഭാഷണ പരമ്പര സിഎംഡി ഡോ. എം.അയ്യപ്പൻ നേരിട്ട് അവതരിപ്പിക്കുന്നു. 'ടിഡ് ടോക്ക് 'എന്നാൽ 'തിങ്ക് ഡിഫറന്റ് ' ( വ്യത്യസ്തമായി ചിന്തിക്കുക ) എന്നാണ്. വിറ്റുവരവ് വർദ്ധിപ്പിക്കുക, മികച്ച ലാഭം കൊയ്യുക എന്നത് എളുപ്പമാണ്. എന്നാൽ വിശ്വാസ്യത നിലനിർത്താനും സുസ്ഥിരമായ വളർച്ച നേടാനും മറ്റു ചില ഘടകങ്ങൾ അത്യാവശ്യമാണ്. മൂല്യങ്ങളിൽ യാതൊരുവിധ വിട്ടുവീഴ്ച്ചയ്ക്കും തയ്യാറാവാത്ത തൊഴിൽ സംസ്കാരം തന്നെയാണ് ഏറ്റവും പ്രധാനം. ശാശ്വതമായ വിജയം കൈവരിക്കാൻ ഓരോ വ്യക്തിക്കും സ്ഥാപനത്തിനും മൂല്യാധിഷ്ഠിതമായ പ്രവർത്തനവും കാഴ്ച്ചപ്പാടും അത്യന്താപേക്ഷിതമാണ്.

വ്യത്യസ്തമായി ചിന്തിക്കുക, സമൂഹ നന്മയ്ക്കായി പ്രവർത്തിക്കുക, അതു വഴി സ്ഥാപനത്തെ വളർച്ചയുടെ ഉന്നതശ്രേണിയിൽ എത്തിക്കുക, ഇതാണ് 'ടിഡ് ടോക്ക് 'പ്രഭാഷണ പരമ്പരയിലൂടെ ലക്ഷ്യമാക്കുന്നതെന്ന് ഡോ. എം.അയ്യപ്പൻ പറഞ്ഞു. ഈ പരമ്പരയിലെ ആദ്യ പ്രഭാഷണം കമ്പനിയിലെ സീനിയർ മാനേജ്മെന്റ് ഉദ്യോഗസ്ഥർക്കായി, ഒക്ടോബർ 6 നു എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമിയിൽ നടന്നു. പരമ്പരയിൽ 30 പേർ പങ്കെടുത്തു.

നന്നായി പ്രവർത്തിക്കുന്നു എന്നതിലല്ല എങ്ങനെ മറ്റുള്ളവർക്ക് മാതൃകയാവാൻ സാധിക്കും എന്നതിലാവണം നമ്മുടെ ശ്രദ്ധയെന്ന് സിഎംഡി ഉദ്ഘാടന പ്രഭാഷണത്തിൽ പറഞ്ഞു. അച്ചടക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, 2020 ലേക്കുള്ള വീക്ഷണത്തെക്കുറിച്ചും അദ്ദേഹം പ്രഭാഷണത്തിൽ വിശദീകരിച്ചു.

പരമ്പരയിലെ രണ്ടാമത്തെ പ്രഭാഷണം കമ്പനിയിലെ സീനിയർ മാനേജർ, ഡിജിഎം തലത്തിലുള്ള ഉദ്യോഗ്ഥർക്കായി ഒക്ടോബർ 28നു സംഘടിപ്പിച്ചു. മൂന്നാമത്തെ പ്രഭാഷണം നവംബർ 6നു ഡൽഹിയിൽ ആയിരുന്നു നടന്നത്.

# ആരോഗ്യ പരിരക്ഷ മേഖയിലെ പ്രതിഭകളെ വാർത്തെടുക്കാൻ എച്ച്എംഎ പ്രൊക്യുർമെന്റ് ട്രെയിനിംഗ്




പ്രൊക്യുർമെന്റ് മാനേജ്മെന്റ് എന്ന വിഷയത്തിൽ എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പഞ്ചദിന രാജ്യാന്തര പരിശീലന പരിപാടി എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു.

ആരോഗ്യ പരിരക്ഷ മേഖലയിലെ സംഭരണരംഗത്ത് മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രൊക്യുർമെന്റ് മാനേജ്മെന്റ് എന്ന വിഷയത്തിൽ എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമി ഒക്ടോബർ 6 മുതൽ 10 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പഞ്ചദിന രാജ്യാന്തര പരിശീലന പരിപാടി എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം അയ്യപ്പൻ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര ആരോഗ്യ മന്ത്രാലയവും എച്ച്എൽഎല്ലും ലോക ബാങ്കും സംയുക്തമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. ആഗോളതലത്തിൽതന്നെ, ആരോഗ്യമേഖലയിലെ മികച്ച പ്രതിഭകളെ വാർത്തെടുക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും, മുൻ വർഷങ്ങളിലെ പരിശീലന പരിപാടികളും മികച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നുവെന്നും ഉദ്ഘാടന പ്രസംഗത്തിൽ സിഎംഡി പറഞ്ഞു.

ആരോഗ്യ പരിരക്ഷ മേഖയിലെ പുതിയ നയങ്ങൾ, സേവന നിലവാര മാനദണ്ഡങ്ങൾ, അഴിമതി രഹിത സേവനം ഉറപ്പുവരുത്തൽ, കോൺട്രാക്ട് മാനേജ്മെന്റ്, ഇ-പ്രൊക്യുർമെന്റ് എന്നിവയായിരുന്നു മുഖ്യ പ്രതിപാദ്യ വിഷയങ്ങൾ. മരുന്നുകൾ, വാക്സിനുകൾ, ആശുപത്രി ഉപകരണങ്ങൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ സംഭരണവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്യപ്പെട്ടു.

മുൻ കേന്ദ്ര സെക്രട്ടറി ശ്രീ.പൂർണ്ണലിംഗം, യുഎന്നിന്റെയും ഡബ്ലുഎച്ച്ഒയുടെയും മുൻ പ്രൊക്യുർമെന്റ് സ്പെഷ്യലിസ്റ്റും അധ്യാപികയുമായ മിസ് കരോളിൻ ബോർഗാൻ, ലോക ബാങ്ക് കപ്പാസിറ്റി ബിൽഡിംഗ് കോ ഓർഡിനേറ്റർ ശ്രീ. എ.കെ കലേഷ് കുമാർ, ആഗ്ലോസ്കേപ് ഡയറക്ടർ പ്രൊഫ.മോഹൻദാസ് എൻ.കെ, എച്ച്എൽഎൽ ഫിനാൻസ് ഡയറക്ടർ ശ്രീ. ആർ.പി ഖണ്ഡേൽവാൽ, എന്നിവർ ഉത്ഘാടന ചടങ്ങിൽ സംബന്ധിച്ചു. ശ്രീലങ്ക,സ്പെയിൻ,നേപ്പാൾ,ന്യൂസിലാൻഡ് തുടങ്ങി ഒട്ടേറേ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

# ഹിന്ദി പക്ഷാചരണ ആഘോഷത്തിനു തുടക്കമായി



എച്ച്എൽഎല്ലിന്റെയും ടൗൺ ഒഫീഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെയും ഹിന്ദി പക്ഷാചരണ ആഘോഷം എച്ച്എൽഎൽ കോർപ്പറേറ്റ് ആർ ആൻഡ് ഡി സെന്ററിൽ സംസ്ഥാന റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വിശ്വാസ് മേത്ത ഉദ്ഘാടനം ചെയ്യുന്നു. സിഎംഡി ഡോ. എം അയ്യപ്പൻ സമീപം.

എച്ച് എൽഎല്ലിന്റെയും ടൗൺ ഒഫിഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെയും ഹിന്ദി പക്ഷാചരണ ആഘോഷം എച്ച്എൽഎൽ കോർപ്പറേറ്റ് ആർ ആൻഡ് ഡി സെന്ററിൽ സംസ്ഥാന റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വിശ്വാസ് മേത്ത ഉദ്ഘാടനം ചെയ്തു.എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ  ഡോ. എം അയ്യപ്പൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

രാജഭാഷ ആയ ഹിന്ദിയെ പ്രോത്സാഹിപ്പിക്കുന്നതിൽ എച്ച്എൽഎൽ മുൻപന്തിയിൽ ആണെന്നത് അഭിനന്ദനാർഹമായ കാര്യമാണെന്ന് ഡോ. വിശ്വാസ് മേത്ത പറഞ്ഞു. 9 തവണ ദേശീയ ഹിന്ദി പുരസ്കാരം ലഭിച്ചതും, ശ്രീമതി ഇന്ദിരാമ്മയ്ക്ക് (പേരൂർക്കട ഫാക്ടറി) ഗൗരവ് പുരസ്കാരം ലഭിച്ചതും കമ്പനി ഹിന്ദി ഭാഷയിൽ അർപ്പിച്ചിരിക്കുന്ന പ്രാധാന്യത്തെ വിളിച്ചറിയിക്കുന്നു.
ജീവിത സാക്ഷാത്ക്കാരത്തെ തിരിച്ചറിയുമ്പോഴാണ് ജീവിതത്തിനു അർത്ഥം ഉണ്ടാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. താൻ കേരളത്തിലെത്തിയത് അത്തരത്തിലാണ്.ഇവിടെ ഭാഷ അറിയാത്തതിൽ തനിക്ക് യാതൊരു വിധത്തിലുള്ള തടസ്സവും നേരിട്ടില്ല. കേരളീയർ ഹിന്ദിയെ നിറഞ്ഞ മനസോടെയാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹിന്ദി വർഷാചരണത്തോടനുബന്ധിച്ച് കമ്പനിയിലെ ജീവനക്കാർക്കും അവരുടെ കുട്ടികൾക്കും വേണ്ടി വിവിധിനം മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്ന് ഡോ. എം.അയ്യപ്പൻ പറഞ്ഞു.

ഹിന്ദിയുടെ പ്രചാരം അന്താരാഷ്ട്ര തലത്തിലേക്ക് വളർന്നിരിക്കുകയാണ്. അന്താരാഷ്ട്ര സർവ്വകലാശാലകളിൽ ഹിന്ദി ഒരു പാഠ്യവിഷയമായി മാറിയിരിക്കുന്നു. ഹിന്ദിയുടെ ഉപയോഗം പരമാവധി വ്യാപിപ്പിക്കാൻ കമ്പനി പ്രതിജ്ഞാബദ്ധമാണ്.

പക്ഷാചരണത്തോടനുബന്ധിച്ച് ഹിന്ദി പ്രസംഗ മത്സരം, ഹിന്ദി ഉപന്യാസ മത്സരം, ഹിന്ദി ദേശഭക്തിഗാന മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ജീവനക്കാർക്ക് വേണ്ടി ട്രെയിനിംഗ് പരിപാടികളും നടത്തും. ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഹിന്ദി പ്രസംഗ മത്സരവും നടത്തുന്നുണ്ട്. നവംബർ മാസം അവസാനം തുടങ്ങുന്ന ഹിന്ദി വർഷാചരണത്തിന്റെ സമാപന സമ്മേളനത്തോടൊപ്പം ഹിന്ദി മ്യൂസിക്ക് നൈറ്റും സംഘടിപ്പിക്കും.

കൊച്ചി റീജിയണൽ ഇംപ്ലിമെന്റ് ഡപ്യൂട്ടി ഡയറക്ടർ ഡോ.സുനിതദേവി യാദവ്, എച്ച്എൽഎൽ സീനിയർ വൈസ് പ്രസിഡന്റും (എച്ച് ആർ) കമ്പനി സെക്രട്ടറിയുമായ ശ്രീ.പി ശ്രീകുമാർ, ഡോ. ജയശ്രീ (ഡിജിഎം, ഹിന്ദി) എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## ഒററനോട്ടത്തിൽ




ഒക്ടോബർ 27ന് കോർപ്പറേറ്റ് ആർ ആൻഡ് ഡി സെന്ററിൽ നടന്ന വിജിലൻസ് ബോധവൽക്കരണ വാരാഘോഷത്തിൽ ശ്രീ. വിൻസൺ.എം.പോൾ (മുൻ ഡിജിപി, ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ) പങ്കെടുത്തപ്പോൾ.




ഒക്ടോബർ 1 ന് നടന്ന 'തിങ്ക് ടാങ്ക്' ലക്ചർ സീരിസിൽ, 'ജലവിതരണത്തിലും നിയന്ത്രണത്തിലും ഉപഗ്രഹത്തിനും, സെൻസിംഗ് സാങ്കേതിക വിദ്യയ്ക്കുമുള്ള പങ്ക് ' എന്ന വിഷയത്തിൽ ഡോ. വീരേന്ദ്ര എം തിവാരി (നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ) ക്ലാസ്സെടുക്കുന്നു.



ഒക്ടോബർ 27ന് എച്ച്എൽഎൽ കോർപ്പറേറ്റ് ഹെഡോഫീസിൽ നടന്ന വിജിലൻസ് വാരാഘോഷ പ്രതിജ്ഞയിൽ നിന്നും.